**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **17-03-2022 - ൽ മറുപടിയ്ക്ക്**

**കരകൗശല വികസന കോർപ്പറേഷനിലെ സമ്മാന വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമ്മാനങ്ങൾ, പാരിതോഷികങ്ങൾ എന്നിവ അതാത് സ്ഥാപനങ്ങളുടെ ചെലവിൽ നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | കരകൗശല വികസന കോർപ്പറേഷനിൽ 01.08.2016 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ ലക്ഷങ്ങളുടെ കരകൗശല ഉൽപ്പന്നങ്ങളും മറ്റും സമ്മാനങ്ങൾ നൽകാൻ എന്ന പേരിൽ ചില ഉദ്യോഗസ്ഥർ എടുത്തുകൊണ്ടുപോയി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | കരകൗശല വികസന കോർപ്പറേഷനിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും എത്ര രൂപയുടെ സമ്മാനങ്ങൾ സൗജന്യമായി നൽകിയെന്നും സർക്കാരിന്റെ മാർഗ നിർദേശങ്ങൾ പാലിച്ചാണോ സമ്മാനങ്ങൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കാലയളവിൽ സമ്മാനങ്ങളൊന്നും സൗജന്യമായി നൽകിയിട്ടില്ല |
| (ഡി) | കരകൗശല വികസന കോർപ്പറേഷൻ പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിൽപന വില 250 രൂപയിൽ കൂടിയ സമ്മാനങ്ങൾ ആർക്കൊക്കെയാണ് നൽകിയതെന്നും ഓരോരുത്തർക്കും എത്ര രൂപയുടെ സമ്മാനങ്ങളാണ് സൗജന്യമായി നൽകിയതെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത കാലയളവിൽ സമ്മാനങ്ങളൊന്നും സൗജന്യമായി നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ